(ബി) 2013-14 വർഷം 30 സ്കൂളുകളുടെ ലിസ്റ്റ് അപ്ഗ്രേഡ് ചെയ്യാൻ എം.എച്ച്. ആർ.ഡി.യിലേക്ക് സമർപ്പിച്ചെങ്കിലും അനുമതി ലഭിച്ചില്ല. ഈ സ്കൂളുകളിൽ സംസ്ഥാന സർക്കാരിന്റെ ചെലവിൽ എട്ടാം ക്ലാസ് ആരംഭിച്ചു. 2014-15 വർഷം ഈ 30 സ്കൂളുകളുടെ ലിസ്റ്റ് എം.എച്ച്. ആർ.ഡി.ക്ക് സമർപ്പിച്ചെങ്കിലും അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല.

(സി) ജി.യു.പി.എസ്. കുളിയാട്, ജി.യു.പി.എസ്. വാനം, ജി.യു.പി. എസ്. അടക്കത്തുണ്ടയിൽ എന്നിവയാണ് കാസർഗോഡ് ജില്ലയിൽ നിന്നും ടി 30 സ്കൂളുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

സ്കൂൾ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ

- 5 കിലോമീറ്ററിനുള്ളിൽ മറ്റ് അംഗീകൃത സ്കൂളുകൾ ഇല്ലാതിരിക്കുക.
- സ്കൂളിൽ ഒന്നാം ക്ലാസ്സിൽ 50-70 കുട്ടികളെങ്കിലും ഉണ്ടാകാനുള്ള സാധ്യത
- യു.പി.സ്കൂളുകളുടെ അപ്ഗ്രഡേഷനാണ് മുൻഗണന നൽകുന്നത്. പ്രത്യേക സാഹചര്യങ്ങളിൽ സെക്കണ്ടറി സ്കൂൾ മാത്രമായി തുടങ്ങാനും അനുവാദം ലഭിക്കും.
- കുന്ന്, മല, പുഴ തുടങ്ങിയ പ്രകൃതി തടസ്സങ്ങളുള്ള പ്രദേശങ്ങളാണെങ്കിൽ ഒന്നാം ക്ലാസ്സിൽ ചേരാൻ ഇടയുള്ള കുട്ടികളുടെ എണ്ണം 50 ആണെങ്കിലും അപ്ഗ്രഡേഷൻ പരിഗണിക്കുന്നതാണ്.
- കുന്ന്, മല, പുഴ തുടങ്ങിയ പ്രകൃതി തടസ്സങ്ങളുള്ള പ്രദേശങ്ങളാണെങ്കിൽ ഒരു സെക്ഷൻ സെക്കന്ററി സ്കൂൾ ആണെങ്കിലും അനുവദിക്കും. ഈ സ്കൂളിൽ 25-35 കുട്ടികളെങ്കിലും ഉണ്ടായിരിക്കണം. എന്നാൽ 5 കിലോ മീറ്റർ എന്നതിന് ഇളവ് ലഭിക്കുന്നതല്ല.

ഇടുക്കി ജില്ലയിൽ ആർ.എം.എസ്. എ. പ്രകാരം അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾ

73 (7040) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അധ്യയന വർഷം സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ ആർ.എം.എസ്.എ. പ്രകാരം അപ്ഗ്രേഡ് ചെയ്തിട്ടുണ്ട് ;

(ബി) ഇടുക്കി ജില്ലയിൽ ഇപ്രകാരം അപ്ഗ്രേഡ് ചെയ്യപ്പെട്ട സ്കൂളുകൾ ഏതൊക്കെയാണ് എന്നതു സംബന്ധിച്ച വിശദാംശം നൽകാമോ ;

(സി) ആർ.എം.എസ്.എ. സ്കീം പ്രകാരം ഹൈസ്കൂൾ ആരംഭിച്ചിട്ടുള്ള ഈ സ്കൂളുകളിൽ അധ്യാപകരുടെ തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഈ സ്കൂളുകളിൽ അധ്യാപനം നടത്താൻ എന്തു സംവിധാനമാണ് ഒരുക്കിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സ്കൂളുകളിൽ നിലവിലുള്ള എച്ച്.എസ്.എ. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇടുക്കി ജില്ലയിൽ ഇപ്രകാരം 15 സ്കൂളുകൾ അപ്ഗ്രഡ് ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) ആർ.എം.എസ്.എ. സ്കീം പ്രകാരം ഹൈസ്കൂൾ ആരംഭിച്ചിട്ടുള്ള 96 സ്കൂളുകളിൽ അദ്ധ്യാപകരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ശേഷിക്കുന്ന 16 സ്കൂളുകളിൽ തസ്തിക സൃഷ്ടിക്കണമെന്ന നിർദ്ദേശം പരിശോധിച്ചു വരുന്നു.

ആർ.എം.എസ്.എ. പദ്ധതിയിൽപ്പെടുത്തി ഹൈസ്കൂൾ ആയി ഉയർത്തിയ സ്കൂളുകൾ

74 (7041) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അധ്യയന വർഷം ആർ.എം.എസ്.എ. പദ്ധതിയിൽപ്പെടുത്തി ഹൈസ്കൂൾ ആയി ഉയർത്തിയ സ്കൂളുകളിൽ ആവശ്യത്തിന് അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ഇല്ലെങ്കിൽ തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) 2013-14 വർഷം ആരംഭിച്ച സ്കൂളുകളിൽ ഹെഡ്മാസ്റ്റർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ; ഉത്തരവ് ലഭ്യമാക്കുമോ ;

(ഡി) കണ്ണൂർ ജില്ലയിൽ തവിടിശ്ശേരി ഗവ. ഹൈസ്കൂളിൽ ഹെഡ്മാസ്റ്റർ ഉൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ–ഡി) RMSA പദ്ധതിയിൽ 2010-11 അദ്ധ്യയനവർഷം ഹൈസ്കൂളുകൾ ആയി ഉയർത്തപ്പെട്ട 36 യു.പി.സ്കൂളുകളും 11-12 അദ്ധ്യയന വർഷം കേന്ദ്ര സർക്കാർ അംഗീകരിച്ച് ഹൈസ്കൂളായി ഉയർത്തപ്പെട്ട 16 യു.പി. സ്കൂളുകളും കഴിഞ്ഞ അദ്ധ്യയന വർഷം മുതലാണ് ആരംഭിച്ചത്. ഇതിൽ 36 സ്കൂളുകളിൽ RMSA നോംസ് അനുസരിച്ച് 252 തസ്തികകൾ 5-12-2013-ലെ സ.ഉ.(കൈ) നമ്പർ 317/2013/വി.വി.വ പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* കണ്ണൂർ ജില്ലയിൽ തവിടിശ്ശേരി ഗവൺമെന്റ് ഹൈസ്കൂൾ ഉൾപ്പെടെയുള്ള 16 സ്കൂളുകളിലെ ആർ.എം.എസ്.എ. നോംസ് അനുസരിച്ചുള്ള തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly